# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2633 — 17/06/2019- ൽ മറുപടിയ്ക്ക്

### ഓപ്പറേഷൻ ജന്മഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. വി. ആർ. സുനിൽ കുമാർ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | ഓപ്പറേഷൻ ജന്മഭൂമി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഗുണഫലങ്ങളും വ്യക്തമാക്കുമോ; | എ | റോഡ് അരികത്തും, പൊതുസ്ഥലങ്ങളിലും, സർക്കാർ സ്ഥാപനങ്ങളുടെ അധീനതയിലുമുള്ള സ്ഥലങ്ങളിൽ വനം വകുപ്പ് വച്ച് പിടിപ്പിച്ചതും, റോട്ടേഷൻ പ്രായം കഴിഞ്ഞതുമായ അക്കേഷ്യമരങ്ങൾ മുറിച്ചുമാറ്റി പകരം തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ഓപ്പറേഷൻ ജന്മഭൂമി എന്ന പേരിലുള്ള പദ്ധതിയുടെ ശിപാർശ വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിൽ നിന്നും സർക്കാരിൽ ലഭ്യമായിട്ടുണ്ട്.<br><br>ഏകവിളയായി, അക്കേഷ്യ നട്ടുപിടിപ്പിച്ച സ്ഥലങ്ങളിൽ നിന്നും മുറിച്ച് മാറ്റി തദ്ദേശീയവൃക്ഷങ്ങൾ നട്ട് പ്രസ്തുത പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി മലിനീകരണം ലഘൂകരിയ്ക്കൽ, പക്ഷികൾ, ചെറുമൃഗങ്ങൾ എന്നിവയ്ക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കൽ, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് പ്രകൃതിയെ നേരിട്ട് അറിയുവാനും അനുഭവിക്കുവാനും ഉള്ള അവസരം ഒരുക്കൽ എന്നിവയാണ് ഓപ്പറേഷൻ ജന്മഭൂമി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഈ പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ച് വരുന്നു. |
| ബി | വനംവകുപ്പിന്റെ തോട്ടങ്ങളിൽ പൂർണ്ണമായും തദ്ദേശീയമായ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് സ്വീകരിക്കുന്ന | ബി | യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ തോട്ടങ്ങളുടെ വ്യാപ്തി ഘട്ടം ഘട്ടമായി കുറച്ചു കൊണ്ടുവന്ന് തദ്ദേശീയമായ |

| | | | |
|---|---|---|---|
| | നടപടികൾ വെളിപ്പെടുത്തുമോ; | | മരങ്ങൾ നട്ടുപിടിപ്പിച്ച് സ്വാഭാവിക വനവൽക്കരണം നടപ്പിലാക്കുവാനുള്ള കേരള സർക്കാരിന്റെ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 04.01.2019-ാം തീയതി വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ യോഗം ചേർന്നിരുന്നു. ഈ യോഗത്തിലെ തീരുമാനപ്രകാരം യൂക്കാലിപ് റ്റസ്, അക്കേഷ്യ, മാഞ്ചിയം എന്നീ മരങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചു മാറ്റി തദ്ദേശീയമായ മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള വനം വകുപ്പിന്റെപദ്ധതിയുടെ നോഡൽ ഓഫീസറായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) -നെ ചുമതലപ്പെടുത്തിയിട്ടുള്ളതും, സംസ്ഥാനതലത്തിൽ സ്വാഭാവിക വനവൽക്കരണത്തിനായി 12-20 വർഷം നീണ്ടു നിൽക്കുന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകുന്നതിനും തീരുമാനമായിട്ടുള്ളതാണ്. വനം വകുപ്പ് നട്ടു വളർത്തിയ യൂക്കാലിപ് റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ പ്ലാന്റേഷനുകൾ വെട്ടിമാറ്റുന്ന മുറയ്ക്ക് ടി സ്ഥലത്ത് തദ്ദേശീയ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുകയോ സ്വാഭാവിക വനമാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>വിവിധ നിയമപ്രശ്നങ്ങൾ കാരണം സംസ്ഥാനത്ത് വന്യജീവി സങ്കേതത്തിലെ വളർച്ചയെത്തിയ തേക്ക് തോട്ടങ്ങൾ മുറിച്ച് വിൽപ്പന നടത്തുവാൻ കഴിയാത്ത സാഹചര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ അഞ്ച് അംഗങ്ങൾ ഉൾപ്പെടുന്ന ഒരു |

| | | | |
|---|---|---|---|
| | | | കമ്മിറ്റി രൂപീകരിച്ചു കൊണ്ട് സ.ഉ. (സാധാ) നം.168/2019/വനം തീയതി 10.5.2019 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മൂന്ന് മാസത്തിനകം കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കി നിയമപ്രകാരമുള്ളഅനുമതികൾ ലഭ്യമാക്കുന്ന പക്ഷം വന്യജീവി സങ്കേതങ്ങളിലെ വളർച്ചയെത്തിയ തേക്ക് തോട്ടങ്ങൾ ഘട്ടംഘട്ടമായി മുറിച്ച് നീക്കം ചെയ്ത് ഈ സ്ഥലത്തും സ്വാഭാവിക വനവൽക്കരണം നടപ്പാക്കാവുന്നതാണ്.<br><br>സോഷ്യൽ ഫോറസ്ട്രി വിഭാഗം തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ ആറ്റിങ്ങൽ സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിൽ 2013-ൽ ഇളമ്പ്രക്കോട് എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചു മാറ്റിയ 20.80 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച്, ടി സ്ഥലം തിരുവനന്തപുരം വനം ഡിവിഷനു കീഴിലുള്ള പാലോട് റെയിഞ്ചിന് കൈമാറിയിട്ടുണ്ട്. കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ പുനലൂർ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് 2012-ൽ പത്തുപറ എന്ന സ്ഥലത്ത് അക്കേഷ്യ മരങ്ങൾ മുറിച്ചുമാറ്റിയ 5.70 ഹെക്ടർ സ്ഥലത്ത് വനദീപ്തി പദ്ധതി പ്രകാരം തദ്ദേശീയമായി വൃക്ഷത്തൈകൾ |

| | | | |
|---|---|---|---|
| | | | വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമായി പുനരുജ്ജീവിപ്പിച്ച് ടി സ്ഥലം പുനലൂർ വനം ഡിവിഷന് കീഴിലുള്ള പത്തനാപുരം റെയിഞ്ചിന് കൈമാറിയിട്ടുണ്ട്. ഇവ രണ്ടും അല്ലാതെ സോഷ്യൽ ഫോറസ്ട്രി വിഭാഗം ടി വിഷയത്തിൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല. |
| സി | ഓപ്പറേഷൻ ജന്മഭൂമി പദ്ധതി എവിടെയൊക്കെ നടപ്പാക്കിയെന്നും പദ്ധതിയുടെ പുരോഗതിയും അറിയിക്കാമോ? | സി | ഓപ്പറേഷൻ ജന്മഭൂമി പദ്ധതി നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ